മെയ് ദിനം

സി. ജെ. തോമസ്



മെയ് ദിനം
സി. ജെ. തോമസ്
(മലയാളം: ലേഖനം)

© 2021, C. J. Thomas

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Woman at work in a military factory in Italy during the First World War.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

മേയ് ദിനം

ചർച്ചിൽ

ഇതു ചരിത്രത്തിലെ സുപ്രധാനമായ ഒരു പ്രതിസന്ധിഘട്ടമാണ്. ലോകത്തിലെഴുതപ്പെട്ടിട്ടുള്ള സകല രാഷ്ട്രീയ ലേഖനങ്ങളുടെയും ആദ്യത്തെ വാചകമാണീ പല്ലവി എന്നറിഞ്ഞുകൊണ്ടുതന്നെയാണ് അതിവിടെ ആവർത്തിക്കുന്നത്. രണ്ടാംലോകമഹായുദ്ധത്തിനു ശേഷം മൂക്കിനു മുമ്പിൽ ഒരടിയെങ്കിലും മുന്നോട്ടുകാണാൻ യാതൊരു രാഷ്ട്രീയപ്രസ്ഥാനത്തിനും കഴിഞ്ഞിട്ടില്ലെന്നുള്ളത് ഒരുപരമാർത്ഥമാണ്. അതിനുദാഹരണങ്ങളാണ് കൊറിയയിൽ അമേരിക്ക തലയിട്ടതും, ബർലിൻ കുഴപ്പവും, യുഗോസ്ലോവിയൻ പ്രശ്നവും, പേർഷ്യയിലെ എണ്ണത്തർക്കവും, അറ്റ്ലാന്റിക് സന്ധിയും മറ്റും. ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കൽക്കട്ടാപ്രമേയവും അങ്ങനെതന്നെ ജന്മമെടുത്ത വിശ്വാമിത്രസൃഷ്ടിയാണ്. യുദ്ധത്തിലെ വിജയത്തിനു വേണ്ടി അമേരിക്കയും ബ്രിട്ടനും സോവിയറ്റിന്റെ ചേരിയിൽ ചേർന്നു. പക്ഷേ, മൗലികമായ ലക്ഷ്യവൈരുദ്ധ്യം നിലനിൽക്കുന്നിടത്തോളം കാലം ആ സഖ്യം നിലനിൽക്കുവാൻ നിവൃത്തിയുണ്ടായിരുന്നില്ല. യുദ്ധത്തിനിടയ്ക്കുതന്നെ അവർ പരസ്പരം അവിശ്വസിക്കുകയും ദ്രോഹിക്കുകയും ചെയ്തു. സോവിയറ്റു യൂണിയനെ കഴിയുന്നത്ര ബലഹീനമാക്കുവാൻ വേണ്ടി ചർച്ചിൽ രണ്ടാം സമരമുഖം അപകടകരമാംവണ്ണം നീട്ടിക്കൊണ്ടുപോയി. സോവിയറ്റു യൂണിയനാകട്ടെ അക്കാലത്തുതന്നെ മുതലാളിത്തരാഷ്ട്രങ്ങളിൽ വിപ്ലവത്തിന്റെ സന്ദേശം പ്രചരിപ്പിച്ചു. യുദ്ധത്തിന്റെ അവസാനത്തോടുകൂടി പൊതുശത്രുവായ ജർമ്മനിയുടെയും ജപ്പാന്റെയും ഭീഷണി അവസാനിച്ചു. മദ്ധ്യസ്ഥന്റെ തൊഴിൽ നോക്കിയിരുന്ന റൂസ് വെൽറ്റ് മരിക്കുകയും ചെയ്തു. അതുവരെ ചിറകെട്ടി നിറുത്തിയിരുന്ന വിദ്വേഷവും വൈരുദ്ധ്യവും അണപൊട്ടി ഒഴുകാൻ തുടങ്ങി. യുദ്ധം ചെയ്യുവാൻമാത്രം വിദ്വേഷം ഇരുകൂട്ടർക്കും ഉണ്ടായിരുന്നെങ്കിലും അവരതിനു തുനിഞ്ഞില്ല. അതിനുപകരം ഇരുകൂട്ടരും അംഗീകരിച്ച തന്ത്രങ്ങളാണ് ഇന്നു ലോകത്തെ ഇത്രയ്ക്കു കുഴപ്പമേറിയ ഒരു നിലയിലെത്തിച്ചത്.

ഷാങ്ഹായ് യുദ്ധത്തിൽ ജാപ്പനീസ് ആർമി സൈനികർ.

എന്താണിന്നത്തെ നില? അമേരിക്കയ്ക്ക് എങ്ങനെയെങ്കിലും ലോകം മുഴുവൻ പിടിച്ചടക്കണം. യുദ്ധകാലത്തു കണക്കില്ലാതെ വർദ്ധിച്ച അവരുടെ ഉല്പാദനശക്തി വിറ്റഴിക്കുവാൻ കഴിഞ്ഞില്ലെങ്കിൽ 1930-ലെ പോലുള്ള സാമ്പത്തികക്കുഴപ്പമാണ് അമേരിക്കയ്ക്കു നേരിടേണ്ടത്. അത് വിപ്ലവത്തിലേയ്ക്കുള്ള രാജപാതയായിരിക്കുകയും ചെയ്യും. അതുകൊണ്ട് യുദ്ധം ചെയ്തിട്ടായാലും ലോകത്തിലെ മാർക്കറ്റുകൾ പിടിച്ചടക്കിയേ അമേരിക്കയ്ക്ക് കഴിയൂ. അതിനു പ്രയോജനകരമെന്ന് അമേരിക്ക ഗണിച്ച നയമാണ് അവർ ഇന്നുവരെ തുടർന്നുവന്നിരുന്നത്. ഈ നയത്തിന്റെ പ്രതീകമാണ് മക്കാർതർ.

മക്കാർതർ

അതിനുവേണ്ടിയാണ് അവർ കൊറിയയിൽ കൈകടത്തിയത്. അതിനുവേണ്ടിയാണ് അവർ ഐക്യരാഷ്ട്രസംഘടനയെ മരപ്പാവയാക്കിത്തീർത്തത്. അതിനുവേണ്ടിതന്നെയാണ് അവർ ചിയാങ്ങിനെ മുട്ടിട്ടു നിറുത്തുന്നതും യൂറോപ്പിൽ സൈനികകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും ആ നയത്തിന് ഇൻഡ്യയുടെയും പാക്കിസ്ഥാന്റെയും പിൻബലം സമ്പാദിക്കുവാൻ വേണ്ടിയാണ് അവർ കശ്മീർ പ്രശ്നത്തിൽ ശരിയായ തീരുമാനമെടുക്കുന്നതിൽനിന്നു യൂനോയെ തടഞ്ഞുനിറുത്തുന്നതും. പക്ഷേ, ഇന്നവർക്കു മനസ്സിലായിരിക്കുന്നു ഈ നയം വന്ധ്യമാണെന്ന്. അമേരിക്കയിലെ ചെറുപ്പക്കാരെ കൊറിയയിൽ കുരുതികഴിക്കുന്നതുകൊണ്ട് ഏഷ്യൻ നവോത്ഥാനത്തെ തടഞ്ഞുനിറുത്താൻ കഴിയുകയില്ലെന്ന് അവർക്ക് മനസ്സിലായിരിക്കുന്നു. ആ നയം അവർ മാറ്റുകയാണെന്നതിന്റെ പ്രത്യക്ഷലക്ഷ്യമാണ് മക്കാർതറുടെ അന്തർദ്ധാനം. ഇൻഡ്യ ഒരമേരിക്കൻ കോളനിയാക്കാമെന്ന അവരുടെ വ്യാമോഹവും ഇതിനകം നിലച്ചുകാണണം. അല്ലെങ്കിൽ, ഇൻഡ്യയ്ക്ക് ഭക്ഷണസാധനം വിൽക്കുവാൻ അവർ പറയുന്ന വൃത്തികെട്ട നിബന്ധനകൾകൊണ്ടുവരുവാൻ ന്യായമില്ല. ആരും വായിക്കാത്ത അമേരിക്കൻ പ്രചരണക്കടലാസ്സുകൾക്കുവേണ്ടി അവർ ഒരാഴ്ചയിൽ ചെലവാക്കുന്ന പണത്തിന്റെ വിലയില്ല അവർ നമുക്കു തരാമെന്നു നീട്ടിക്കാണിക്കുന്ന ഭക്ഷണസാധനങ്ങൾക്ക്. അമേരിക്കൻ ആധിപത്യത്തോട് ബ്രിട്ടനിലും എതിർപ്പ് വർദ്ധിച്ചുവരുന്നുവെന്നത് ബെവാന്റെ രാജി കൊണ്ടു തെളിയുന്നുണ്ട്. ആകെക്കൂടി പറഞ്ഞാൽ യുദ്ധത്തിനുശേഷം അമേരിക്ക ഇരുട്ടിൽ തപ്പിത്തടഞ്ഞുകൊണ്ടിരിക്കുകയായിരുന്നു. അവരുടെ തന്ത്രങ്ങളെല്ലാം പരാജയപ്പെട്ടിരിക്കുന്നു. ഇനി അവർ സ്വയം രക്ഷയ്ക്കുവേണ്ടി ഇതരമാർഗ്ഗങ്ങൾ ആരാഞ്ഞേ കഴിയൂ. അധികാരത്തിന്റെയും ശക്തിയുടെയും ഭാഷ വിഫലമാകുമ്പോൾ മര്യാദയുടെ സമ്പ്രദായം അംഗീകരിക്കുകയാണ് സാധാരണ മനുഷ്യന്റെ പതിവ്. അങ്ങനെ അമേരിക്ക ഇനി രാജിക്കും സമാധാനത്തിനും വേണ്ടി പരിശ്രമിക്കുവാൻ നിർബന്ധിതമായിത്തീരും.



കിഴക്കൻ ജർമ്മൻ നിർമ്മാണ തൊഴിലാളികൾ 1961-ൽ ബർലിൻ മതിൽ പണിയുന്നു.

സോവിയറ്റു ചേരിയുടെയും കഥ ഇതുതന്നെ. വിപ്ലവത്തിന്റെ പഴയ മാർഗ്ഗങ്ങൾ ഇനി എത്രമാത്രം പ്രയോജനകരമാണെന്ന് അവർക്കുതന്നെ സംശയം തുടങ്ങിയിരിക്കുകയാണ്. ബാലറ്റുപെട്ടിയിൽകൂടിയും സോഷ്യലിസം സ്ഥാപിക്കാമെന്ന നിലയോടു ബ്രിട്ടീഷ് കമ്മ്യൂണിസ്റ്റ് പാർട്ടിയും ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയും അടുത്തടുത്തുവരികയാണ്. യുഗോസ്ലാവിയൻ കുഴപ്പം കമ്മ്യൂണിസത്തിനകത്തുതന്നെ ഉണ്ടാകാവുന്ന വൈരുദ്ധ്യങ്ങളുടെ ഒരു നാന്ദിയാണ്. പോരെങ്കിൽ റഷ്യയെക്കാളും വലിയ ഒരു രാഷ്ട്രം കമ്മ്യൂണിസത്തിന്റെ ചേരിയിൽ ചേർന്നിരിക്കുന്നു. ഷാങ്ഹായുടെ പതനത്തോടുകൂടി ലോകകമ്മ്യൂണിസത്തിന്റെ തലസ്ഥാനം റഷ്യയിൽനിന്നു ചൈനയിലേയ്ക്കു മാറിയെന്നു ഗണിക്കുന്നതിലും വലിയതെറ്റില്ല. യുദ്ധാനന്തരം കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം ലോകത്തിൽ പലേടത്തും അംഗീകരിച്ച തന്ത്രങ്ങളും പരാജയപ്പെട്ടു. അല്ലെങ്കിൽ കൽക്കട്ടാപ്രമേയം തിരുത്തിയെഴുതേണ്ടിവരികയില്ലായിരുന്നല്ലോ. അവരും അവരുടെ തെറ്റുകൾ കണ്ടു തിരുത്തിക്കൊണ്ടിരിക്കുകയാണ്. അങ്ങനെ അമേരിക്കയും സോവിയറ്റുചേരിയും ഒരു നയമാറ്റത്തിന്റെ നാൽക്കവലയ്ക്കലെത്തിയിരിക്കുകയാണ്. കാണുന്നവരോടെല്ലാം അവർ ചോദിക്കാറുണ്ടായിരുന്നു. “ഏതു ചേരിയിൽ?” എന്ന്. യുദ്ധവിരോധിയായ ഒരു മൂന്നാം ചേരിയെപ്പറ്റി ഇരുകൂട്ടർക്കും പുച്ഛമായിരുന്നു. ഇന്നാകട്ടെ അവരുടെ ചേരിചോദ്യം ഒട്ടൊക്കെ കുറഞ്ഞിട്ടുണ്ട്. ഒരു മൂന്നാം ചേരിക്കുമാത്രമേ യുദ്ധത്തെ തടയാൻ കഴിയൂ എന്ന വിശ്വാസവും വളർന്നിട്ടുണ്ട്. അങ്ങനെ മക്കാർതറുടെ ഡിസ്മിസ്സലും ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ 34 പോയിന്റുകളും ഒരുമിച്ച് പ്രത്യക്ഷപ്പെടുന്ന പശ്ചാത്തലത്തിലാണ് 1951-ലെ മേയ് ദിനം സമാഗതമാകുന്നത്. യുദ്ധത്തിനുശേഷം ഇന്നുവരെ രാഷ്ട്രങ്ങളും രാഷ്ട്രീയപാർട്ടികളും അനുവർത്തിച്ചിരുന്ന നയപരിപാടികളും വിപ്ലവകരമായ ഒരു മാറ്റം പ്രതീക്ഷിക്കാവുന്ന ഒരു കാലമാണിന്ന്. അതുകൊണ്ടാണ് ഈ മേയ് ദിനം ചരിത്രത്തിലെ ഒരു പ്രധാന പ്രതിസന്ധിഘട്ടമാണെന്നു പ്രസ്താവിച്ചത്.

യു. എസ്. എം-48 ടാങ്കുകൾ സോവിയറ്റ് ടി-55 ടാങ്കുകളെ അഭിമുഖീകരിക്കുന്നു.

പക്ഷേ, മറ്റു സാമൂഹ്യകാര്യങ്ങളിലെന്നതുപോലെ ഇതിലും മനുഷ്യന്റെ ബോധപൂർവ്വമായ സഹകരണം വിജയത്തിന് അത്യന്താപേക്ഷിതമാണ്. ചരിത്രം അന്ധമായ ഒരു യാന്ത്രികഗതിയല്ല; മനുഷ്യന്റെ ബോധപൂർവ്വമായ സാമൂഹ്യസൃഷ്ടിയാണ്. ഇന്നു സൃഷ്ടിക്കേണ്ടിയിരിക്കുന്നത് സമാധാനവും സോഷ്യലിസവുമാണ്. അതിനുവേണ്ടത്ര അനുകൂലമായ പരിതസ്ഥിതികളാണ് നാം കാണുന്നത്. ഇക്കാര്യത്തിൽ തൊഴിലാളിവർഗ്ഗത്തിന്റെ കടമയെന്താണെന്നാണ് മേയ് ദിനത്തിന്റെ ആലോചനാവിഷയം.



I CERTIFY THAT the foregoing is a true copy of the North Atlantic Treaty signed at Washington on April 4, 1949 in the English and French languages, the signed original of which is deposited in the archives of the Government of the United States of America.

IN TESTIMONY WHEREOF, I, DEAN ACHESON, Secretary of State of the United States of America, have hereunto caused the seal of the Department of State to be affixed and my name subscribed by the Authentication Officer of the said Department, at the city of Washington, in the District of Columbia, this fourth day of April, 1949.

Secretary of State

By

Authentication Officer
Department of State

നോർത്ത് അറ്റ്ലാന്റിക് ഉടമ്പടി.

അടിസ്ഥാനപരമായി നോക്കിയാൽ ലോകത്തിലെ തൊഴിലാളിപ്രസ്ഥാനം പലപ്പോഴും കാടുകയറിയിട്ടുണ്ട്. കടുത്ത ദേശീയത്വം, അപക്വമായ വിപ്ലവപ്രസക്തി, അനൈക്യം, അവസരസേവകത്വം എന്നിങ്ങനെ പല തെറ്റുകളും തൊഴിലാളിവർഗ്ഗത്തിനു പലപ്പോഴായി പറ്റിപ്പോയിട്ടുണ്ട്. ഇവയോരോന്നും അവരുടെ ശത്രുക്കളെ ബലപ്പെടുത്തുകയായിരുന്നുവെന്ന് അവർ മനസ്സിലാക്കണം. രണ്ടുകാര്യങ്ങളിൽ ലോകതൊഴിലാളിവർഗ്ഗം നയവ്യതിയാനം വരുത്തുമെങ്കിൽ ഈ മേയ് ദിനം ചരിത്രത്തിലെ ഒരു മോഹനാദ്ധ്യായത്തിന്റെ ആരംഭദിനമായിരിക്കും. ഒന്ന്, തൊഴിലാളിവർഗ്ഗം സോവിയറ്റു യൂണിയന്റെ വിദേശനയത്തിനനുസരിച്ച് മാർക്സിസം തിരുത്തിയെഴുതാതിരിക്കുക. രണ്ട് സ്വന്തം വർഗ്ഗതാല്പര്യങ്ങളെ പ്രതിയെങ്കിലും തൊഴുത്തിൽ കുത്തവസാനിപ്പിക്കുക.

ഇൻഡ്യയെ സംബന്ധിച്ചിടത്തോളം തൊഴിലാളി സർവ്വാധിപത്യമെന്ന പ്രയോഗം അർത്ഥശൂന്യമാണ്. ചൈനയ്ക്കും അങ്ങനെതന്നെ. എന്നല്ല, സകല ഏഷ്യൻ രാഷ്ട്രങ്ങളുടെയും കഥ അങ്ങനെയാണ്. ഏഷ്യൻരാഷ്ട്രങ്ങളിൽ കൃഷിക്കാരോടും ബുദ്ധിജീവികളായ ഇടത്തരക്കാരോടും പങ്കാളിത്തം ചേർന്നുള്ള രാഷ്ട്രീയാധികാരം മാത്രമേ തൊഴിലാളിയ്ക്ക് പ്രതീക്ഷിക്കുവാനുള്ളൂ. വ്യവസായ പ്രമുഖമായ യൂറോപ്യൻ രാഷ്ട്രങ്ങൾക്കുവേണ്ടി എഴുതപ്പെട്ട പുസ്തകങ്ങളിൽ എന്തോ കണ്ടെന്നുവെച്ച് ഇവിടെയും തൊഴിലാളി സർവ്വാധിപത്യത്തിനുവേണ്ടി പരിശ്രമിക്കുന്നെങ്കിൽ അതു മറ്റൊരുതരം വർഗ്ഗമേധാവിത്വമായിരിക്കും. അതിൽനിന്നു പിൻമാറി ഇൻഡ്യയെ യുദ്ധത്തിൽ നിന്നകറ്റി നിറുത്തുവാനും ജനാധിപത്യപരവും സോഷ്യലിസ്റ്റുമായ ഒരു പരിവർത്തനം ഇൻഡ്യൻ സാമൂഹ്യവ്യവസ്ഥിതിയിലുണ്ടാക്കുവാനും ഇൻഡ്യൻ തൊഴിലാളിവർഗ്ഗം പരിശ്രമിക്കട്ടെ എന്നാണ് ഈ മേയ് ദിനത്തിൽ എനിക്കു പറയുവാനുള്ളത്.

ഡെമോക്രാറ്റ് 5 മേയ് 1951.

□

സി. ജെ. തോമസ്

മലയാള നാടകകൃത്തും സാഹിത്യ നിരൂപകനുമായിരുന്ന സി. ജെ. തോമസ് (നവംബർ 14, 1918–ജൂലൈ 14, 1960) എന്നറിയപ്പെടുന്ന ചൊള്ളമ്പേൽ യോഹന്നാൻ തോമസ്. മലയാള നാടകസാഹിത്യത്തെ ആധുനിക ഘട്ടത്തിലെത്തിക്കുന്നതിൽ നിർണ്ണായക പങ്ക് വഹിച്ച ഇദ്ദേഹം പത്രപ്രവർത്തകൻ, ചിത്രകാരൻ എന്നീ നിലകളിലും അറിയപ്പെട്ടിരുന്നു.

1918-ൽ കൂത്താട്ടുകുളത്തെ പ്രമുഖ ക്രിസ്ത്യീയ വൈദികന്റെ മകനായി ജനിച്ച സി. ജെ. വൈദിക വിദ്യാർത്ഥിയായിരിയ്ക്കുന്ന സമയത്ത് ദോഹ ഉപേക്ഷിച്ച് തിരിച്ചുപോന്ന് വിപ്ലവം സൃഷ്ടിച്ചു. രണ്ട് വർഷക്കാലം വടകര സെന്റ് ജോൺസ് ഹൈസ്കൂളിലും തുടർന്ന് എം. പി. പോൾസ് കോളേജിലും അധ്യാപകനായി ജോലിനോക്കിയിരുന്ന അദ്ദേഹം പിന്നീട് അവസാനം വരെ പത്രപ്രവർത്തനരംഗത്ത് സജീവമായിരുന്നു. സാഹിത്യ പ്രവർത്തക സഹകരണസംഘം, ആകാശവാണി, ദക്ഷിണഭാഷാ ബുക്ക് ട്രസ്റ്റ് എന്നിവയിലും പ്രവർത്തിച്ചു.

സാഹിത്യ പ്രവർത്തക സഹകരണസംഘം വക പുസ്തകങ്ങളുടെ പുറംചട്ടകൾക്ക് അത്യധികം ആകർഷകങ്ങളായ ചിത്രങ്ങൾ വരച്ച് മലയാള പുസ്തകങ്ങളുടെ പുറംചട്ട രൂപകല്പനയുടെ രംഗത്ത് മാറ്റങ്ങളുടെ തുടക്കം കുറിച്ചത് സി. ജെ.-യാണ്.

പ്രസിദ്ധ സാഹിത്യകാരനായിരുന്ന എം. പി. പോളിന്റെ മൂത്ത പുത്രി റോസിയെയാണ് വിവാഹം ചെയ്തത്. റോസി തോമസ് സി. ജെ.-യുടെ മരണശേഷം അറിയപ്പെടുന്ന സാഹിത്യകാരിയായി.

പ്രശസ്ത കവയിത്രി മേരി ജോൺ കൂത്താട്ടുകുളം സി. ജെ. തോമസിന്റെ മൂത്ത സഹോദരിയായിരുന്നു. 1960 ജൂലൈ 14-ന് 42-ാം വയസ്സിൽ സി. ജെ. അന്തരിച്ചു.

RIVER VALLEY
DIGITAL LIBARY
empowering the author ...

- “റിവർ വാലി പ്രസ്” എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപത് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

രാജ്യം	കറൻസി	വരിസംഖ്യ
ഇന്ത്യ (119 വീതം ആറു മാസത്തിലൊരിക്കൽ)	രൂപ	238
യുഎസ്, കാനഡ	യുഎസ് ഡോളർ	10
യൂറോപ്	യൂറോ	10
മറ്റു വികസിത രാഷ്ട്രങ്ങൾ	യുഎസ് ഡോളർ	10
ഖത്തർ	റിയാൽ	20
യുഎഇ	ദിർഹം	20
സൗദി അറേബ്യ	റിയാൽ	20
കുവൈറ്റ്	ദിനാർ	2
ഒമാൻ	ദിനാർ	2
ബഹ്റിൻ	ദിനാർ	2
മലേഷ്യ	റിങ്ങിറ്റ്	25

- പ്രസാധകരുടെ നിരന്തരപ്രോത്സാഹനത്തിനു വിധേയരായി ക്കൊണ്ടിരിക്കുന്ന എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്ക്കു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്ക് ഉപയോഗിക്കുക എന്നിവയാണ് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണ് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്ക്/സുഹൃത്തുക്കൾക്ക് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ചു അറിയുക
  3. Who’s who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്ക് അയയ്ക്കുക.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം
695014